LIBRARY ARCHIVES Kerala Legislative Assembly

വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണം

15 (1747) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് 3% സംവരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

ജീവകാരുണ്യ പ്രവർത്തനത്തിനിടയിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബങ്ങളുടെ സംരക്ഷണം

16 (1748) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് 26-ാം തീയതി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കൊയ്യാമരക്കാട് എന്ന സ്ഥലത്ത് വച്ച് അപകടത്തിൽപ്പെട്ട ബൈക്ക് യാത്രക്കാരനെ രക്ഷിക്കുന്നതിനിടയിൽ കോട്ടക്കൽ ആര്യവൈദ്യശാലയിലെ 3 ജീവനക്കാർ ലോറി ഇടിച്ച് മരണപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെട്ട ബൈക്ക് യാത്രക്കാരനടക്കം തൽക്ഷണം മരിച്ച 4 പേരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) രക്ഷാപ്രവർത്തനത്തിനിടയിൽ മരണപ്പെട്ട 3 ചെറുപ്പക്കാരുടെ ഭാര്യമാർക്ക് സർക്കാർ ജോലി കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;ജോലി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജീവകാരുണ്യ പ്രവർത്തനത്തിനിടയിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നവർക്കുകൂടി അത്തരം ആനുകൂല്യം നൽകുമോ?